# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5476** 06.07.2012 - ൽ മറുപടിയ്ക്ക്

## ആലപ്പുഴയിലെ ദന്തൽകോളേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) ആലപ്പുഴ മെഡിക്കൽകോളേജി-നോടനുബന്ധിച്ച് അനുവദിച്ച ദന്തൽകോളേജിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (എ) | 2013-14 അദ്ധ്യയനവർഷം മുതൽ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഇതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ ലഭ്യമാണോ ;<br><br>(സി) ദന്തൽകോളേജ് തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി)<br>&<br>(സി) | 1) പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനായി പണിതീർത്ത കെട്ടിടത്തിൽ നിന്നും താല്ക്കാലികമായി ആവശ്യമായ സ്ഥലം വിട്ടുനൽകാമെന്ന് ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്.<br>2) ദന്തൽകോളേജ് തുടങ്ങുന്നതിനുള്ള ഭരണാനുമതി സംബന്ധിച്ചുള്ള വിഷയവും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സർക്കാരിന്റെ പരിഗണനയിലാണ്.<br>3) അഞ്ച് ഏക്കർ സ്ഥലം ഡെന്റൽ കോളേജിനായി അളന്ന് തിരിച്ച് നൽകുന്നതിന് ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ റവന്യൂവകുപ്പ് മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു.<br>4) സർക്കാർ ഭൂമിക്ക് കരം ഒടുക്കേണ്ടതില്ല എന്ന സർട്ടിഫിക്കറ്റിന് വില്ലേജ് ഓഫീസിൽ അപേക്ഷ നല്കിയിട്ടുണ്ട്.<br>5) കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിലേക്കായി 2.5 കോടി രൂപ 2210 - 05 - 105 - 85 (പി) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.<br>6) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിയ്ക്കായുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) കോളേജ് തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ? | (ഡി) | തടസ്സങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ